# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 4689**

**28.06.2013 - ൽ മറുപടിക്ക്**

## കൃഷി ശാസ്ത്ര ഡിപ്ലോമക്കാർക്ക് ഫാം അസിസ്റ്റന്റുമാരായി നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് | **ശ്രീ.കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരള കാർഷിക സർവ്വകലാശാലയിലെ പട്ടാമ്പി ഗവേഷണ കേന്ദ്രത്തിൽ ആരംഭിച്ച കൃഷി ശാസ്ത്ര ഡിപ്ലോമ കോഴ്സിൽ യോഗ്യത നേടിയവർക്ക് കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റുമാരായി നിയമനം ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; | എ) കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും കൃഷി ശാസ്ത്ര ഡിപ്ലോമ കോഴ്സ് ജയിച്ചുവരുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിൽ അഗ്രികൾച്ചറൽ അസിസ്റ്റന്റ് നിയമനം ലഭിക്കുന്നതിന് മുൻഗണന കിട്ടുന്നതിനു വേണ്ടി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ സെലക്ഷൻ റൂളിൽ മാറ്റം വരുത്തണമെന്നുള്ള ഒരു നിർദ്ദേശം 03.04.2013-ൽ ചേർന്ന സർവ്വകലാശാലയുടെ 120-)മത്തെ അക്കാഡമിക് കൗൺസിലിൽ സമർപ്പിക്കുകയുണ്ടായി. |
| ബി) ഇതു സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല പബ്ലിക് സർവ്വീസ് കമ്മീഷനോ, സർക്കാരിനോ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി) അക്കാഡമിക് കൗൺസിൽ തീരുമാനമനുസരിച്ച് സെലക്ഷൻ റൂളിൽ വേണ്ട ഭേദഗതി വരുത്തുന്നതിനായി സർവ്വകലാശാല 04.06.2013-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാന് കത്ത് നൽകിയിട്ടുണ്ട്. |
| സി) കാർഷിക സർവ്വകലാശാലയിൽ ഫാം അസിസ്റ്റന്റുമാരായി നിയമിക്കുന്നതിന് കൃഷി ശാസ്ത്ര ഡിപ്ലോമ അടിസ്ഥാന യോഗ്യതയായി പരിഗണിക്കുവാൻ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഉടൻ ഭേദഗതി ചെയ്യുവാൻ നിർദ്ദേശം നൽകുമോ;<br>ഡി) ആദ്യ ബാച്ച് പുറത്തിറങ്ങാറായ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് സർവ്വകലാശാലയ്ക്ക് വ്യക്തമായ നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ ? | സി) & ഡി) കാർഷിക സർവ്വകലാശാലയിൽ ഫാം അസിസ്റ്റന്റുമാരായി നിയമിക്കുന്നതിന് കൃഷി ശാസ്ത്ര ഡിപ്ലോമ അടിസ്ഥാന യോഗ്യതയായി പരിഗണിക്കുവാൻ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുവാനുള്ള ഒരു നിർദ്ദേശം 120-)മത്തെ അക്കാഡമിക് കൗൺസിലിനു മുൻപാകെ വച്ചിരുന്നുവെങ്കിലും ആയത് അംഗീകരിച്ചില്ല. |

സെക്ഷൻ ഓഫീസർ